**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1852** **10.02.2020-ൽ മറുപടിയ്ക്ക്**

**പശ്ചിമകൊച്ചിയിലെ ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗതത്തെ പ്രധാന യാത്രാമാർഗ്ഗമായി ആശ്രയിക്കുന്ന പശ്ചിമകൊച്ചിയിലെ ജനങ്ങൾ നേരിടുന്ന യാത്രാക്ലേശത്തിന് പരിഹാരം കാണുന്നതിനായി 3.12.2016, 12.06.2019, 4.11.2019, 15.11.2019 തുടങ്ങിയ തീയതികളിലായി ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങളിൽ നടപ്പിലാക്കിയവ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | 3.12.2016-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ എറണാകുളം -കമാലക്കടവ് സർവ്വീസ് ആരംഭിക്കുകയും തേവര യാർഡ്, മട്ടാഞ്ചേരി ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ വിഭാഗത്തിന് കത്ത് നൽകുകയും ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കുകയും ആയതിലേയ്ക്ക് എറണാകുളം മേഖലയിൽ അസിസ്റ്റന്റ് വർക്ക് മാനേജരെ നിയമിക്കുകയും ഫോർട്ട് കൊച്ചി മുസരിസ് ബിനാലെയുടെ ഭാഗമായി ബോട്ട് സർവ്വീസുകൾ കാര്യക്ഷമമായി നടത്തുകയും ചെയ്തു.<br>12.06.2019-ൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം എറണാകുളം ജില്ലയിലെ ബോട്ട് ജെട്ടികളുടെയും ജലപാതകളുടെയും നവീകരണത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി 10.07.2019-ൽ ജലഗതാഗത വകുപ്പിലേയും ഇറിഗേഷൻ വകുപ്പിലേയും ഉദ്യോഗസ്ഥർ ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ ചെയ്യേണ്ട നവീകരണ പ്രവർത്തികൾ സംബന്ധിച്ച് വിശദമായ കത്ത് ഇറിഗേഷൻ വിഭാഗത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.<br>4.11.19, 15.11.19 എന്നീ തീയതികളിലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പുതുവർഷത്തോടനുബന്ധിച്ച് സ്പെഷ്യൽ സർവ്വീസ് നടത്തുകയും മറ്റ് ബോട്ട് സർവ്വീസുകൾ കാര്യക്ഷമമായി നടത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| ബി) | നടപ്പിലാക്കേണ്ടതായ തീരുമാനങ്ങൾ ഏതെല്ലാമെന്നും അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | ബോട്ടുചാലുകളുടെ ആഴം കൂട്ടലും ബോട്ടു ജെട്ടികളുടെ നവീകരണവും സംബന്ധിച്ച തീരുമാനങ്ങളാണ് പ്രധാനമായും നടപ്പിലാക്കേണ്ടത്. |
| (സി) | മേൽ പറഞ്ഞ യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളിൽ ഒന്നായ മട്ടാഞ്ചേരി ബോട്ടുജെട്ടിയിലെ ഡ്രഡ്ജിംഗ് നടത്തുവാൻ നാളിതുവരെ സാധിക്കാത്തതിന് കാരണം വിശദമാക്കാമോ; | (സി) യും (ഡി) യും | ഡ്രഡ്ജിംഗ്, ബോട്ടുജെട്ടികളുടേയും കെട്ടിടങ്ങളുടേയും നിർമ്മാണം, നവീകരണം എന്നിവ ചെയ്യേണ്ടത് ഇറിഗേഷൻ വകുപ്പാണ്. ബോട്ടുചാലുകൾ ആഴം കൂട്ടുന്നതിനും ബോട്ടുജെട്ടികൾ നവീകരിക്കുന്നതിനും ഇറിഗേഷൻ വിഭാഗത്തിന് നിലവിൽ ഫണ്ട് ഉണ്ടെന്നും അതുപയോഗിച്ച് ആഴം വർദ്ധിപ്പിക്കാമെന്നും ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണ്ണ് ആഴക്കടലിൽ കളയുന്നതിന് കൊച്ചിൻ പോർട്ടിന്റെ അനുവാദം ആവശ്യമാണെന്നും 15.11.19 ൽ ചേർന്ന യോഗത്തിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ പരാമർശിക്കുകയും അനുവാദം നല്കുന്നതിനായി ഇറിഗേഷൻ വകുപ്പ്, കൊച്ചിൻ പോർട്ട് ട്രസ്റ്റിന് കത്ത് നല്കണമെന്നും പോർട്ട് ജനറൽ ഫോർമാൻ ടി യോഗത്തിൽ അറിയിച്ചിട്ടുള്ളതുമാണ്. മട്ടാഞ്ചേരി ബോട്ടുജെട്ടിയുടെ നവീകരണത്തിനായി ചേയ്യേണ്ട പ്രവർത്തനങ്ങൾ, ഡ്രഡ്ജിംഗ് നടത്തേണ്ട ആവശ്യകത എന്നിവ സംബന്ധിച്ച് ഇറിഗേഷൻ വിഭാഗത്തിന് കത്ത് നല്കിയിട്ടുണ്ട്. ടി ജോലികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ഇറിഗേഷൻ വിഭാഗവുമായി ബന്ധപ്പെട്ട് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എറണാകുളം സീനിയർ സൂപ്രണ്ട്, ട്രാഫിക് സൂപ്രണ്ട് എന്നിവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ